**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2208** **03-03-2025 - ൽ മറുപടിയ്ക്ക്**

**റേഷൻകാർഡിലെ മുൻഗണനാവിഭാഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ അസംഘടിതമേഖലകളിലും പരമ്പരാഗത വ്യവസായമേഖലയിലും ജോലിചെയ്യുന്ന തൊഴിലാളികളുടെ റേഷൻകാർഡ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ? | (എ) | ഉൾപ്പെട്ടുത്തിയിട്ടുണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 ന്റെ അടിസ്ഥാനത്തിൽ 2018 ൽ സംസ്ഥാനം രൂപീകരിച്ച Kerala food security rules ലെ ചട്ടം 6 ൽ മുൻഗണനാ കുടുംബങ്ങളുടെ അനർഹതാ മാനദണ്ഡങ്ങളും, ചട്ടം 7 അർഹതാ മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. ചട്ടം 7 പ്രകാരം പരമ്പരാഗത തൊഴിൽ മേഖല, അസംഘടിത മേഖല എന്നിവിടങ്ങളിൽ തൊഴിൽചെയ്യുന്ന അർഹരായ കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നിർവചിച്ചിട്ടുണ്ട്. ആയതു പ്രകാരം മുൻഗണനാ പട്ടികയിൽ കുടുംബങ്ങളെ ഉൾപെടുത്തുന്നതിനുള്ള വിവര ശേഖരണ പ്രഫോർമയിൽ പരമ്പരാഗത തൊഴിൽ മേഖല,അസംഘടിത തൊഴിൽ മേഖല എന്നിവയ്ക്ക് പ്രത്യേകമായും മാർക്ക് അനുവദിക്കുകയും അവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി ഭക്ഷ്യ ഭദ്രത ഉറപ്പ് വരുത്തുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ